## മണ്ഡലം കൺവെൻഷൻ

കിളിമാനൂർ: കോൺഗ്രസ് (ഐ) സേവാദൾ നഗരൂർ മണ്ഡലം കൺവെൻഷൻ നഗരൂർ രാജ്ഭവനിൽ വച്ച് ഡി.സി.സി വൈസ്പ്രസിഡന്റ് എ.ഇബ്രാഹിംകുട്ടി ഉദ്ഘാടനം ചെയ്തു. സേവാദൾ മണ്ഡലം ചെയർമാൻ എസ്.റീജോ അദ്ധ്യക്ഷത വഹിച്ചു.

## പെൻഷണേഴ്സ് യൂണിയൻ

കല്ലറ: കേരള സ്റ്റേറ്റ് പെൻഷണേഴ്സ് യൂണിയൻ കല്ലറ യൂണിറ്റിന്റെ 18-ാം വാർഷിക സമ്മേളനം മുതുവിള എസ്.കെ.വി. യു.പി.എസിൽ നടന്നു. സമ്മേളനത്തിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ആനാംപച്ച സുരേഷ് നിർവഹിച്ചു.

## ലോഫ്ലോർ നിരക്കിൽ മാറ്റമില്ല

തിരുവനന്തപുരം: ലോഫ്ലോർ എ.സി എയർബസുകളുടെ നിരക്കിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് കെ.എസ്.ആർ.ടി.സി അധികൃതർ അറിയിച്ചു. മിനിമം ചാർജ് 10 രൂപയും കിലോമീറ്ററിന് ഒന്നരരൂപയുമാണ് ചാർജ്.

# പി.ആർ.വി. വാര്യർക്ക് അന്ത്യാഞ്ജലി

തിരുവനന്തപുരം: ഇന്നലെ അന്തരിച്ച സി.പി.എം പ്രവർത്തകനും മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ സന്തത സഹചാരിയുമായിരുന്ന പി.ആർ.വി. വാര്യർക്ക് ജീവിതത്തിന്റെ നാനാതുറയിൽ പെട്ടവർ അന്ത്യാഞ്ജലി അർപ്പിച്ചു. കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് ഏറെ നാളായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. അസുഖം മൂർച്ഛിച്ചതിനെ തുടർന്ന് രണ്ടു ദിവസം മുമ്പ് മെഡിസിൻ വിഭാഗം ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നു മണിയോടെയാണ് മരണം സംഭവിച്ചത്.



സി.പി.എമ്മിന്റെ കോട്ടയം കിടങ്ങൂർ ലോക്കൽ കമ്മിറ്റി അംഗമായിരിക്കെ 1980-ൽ ഇ.കെ. നായനാർ ആദ്യമായി മുഖ്യമന്ത്രിയായപ്പോഴാണ് പേഴ്സണൽ സ്റ്റാഫ് അംഗമായി നിയമിക്കപ്പെടുന്നത്. പിന്നീട് നായനാർ മരിക്കുന്നതുവരെ അദ്ദേഹത്തിന്റെ നിഴൽ പോലെ വാര്യർ ഒപ്പമുണ്ടായി. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴും പ്രതിപക്ഷ നേതാവായിരുന്നപ്പോഴും പേഴ്സണൽ സ്റ്റാഫ് അംഗമായ വാര്യർ 2001-05 കാലത്ത് പ്രതിപക്ഷ നേതാവായിരുന്ന വി.എസ്. അച്യുതാനന്ദന്റെ അഡിഷണൽ പേഴ്സണൽ അസിസ്റ്റന്റുമായി. മന്ത്രി പി.കെ. ഗുരുദാസന്റെ അഡിഷണൽ പേഴ്സണൽ അസിസ്റ്റന്റായി പ്രവർത്തിച്ചുവരികയായിരുന്നു. സി.പി.എമ്മിന്റെ എ.കെ.ജി സെന്റർ സ്പെഷ്യൽ ബ്രാഞ്ച് കമ്മിറ്റി അംഗമായിരുന്നു. 'കാണാപ്പുറങ്ങളിലെ നായനാർ' എന്ന പുസ്തകവും എഴുതിയിട്ടുണ്ട്.

ആർ.സി.സി ജീവനക്കാരി ഷീലാകുമാരിയാണ് ഭാര്യ. അർച്ചന (ബാംഗ്ളൂർ), അഞ്ജന (സി.എ വിദ്യാർത്ഥിനി) എന്നിവർ മക്കൾ. കോട്ടയം കിടങ്ങൂർ ചെമ്പിളാവുങ്കര പൊൻകുന്നത്തു വാരിയത്ത് പി.കെ. രാമവാര്യരുടെയും എ.ജി. മാധവിക്കുട്ടി വാരസ്യാരുടെയും മകനാണ്. ഗോപാലകൃഷ്ണവാര്യർ, പ്രസന്നകുമാരി, സരസ്വതിദേവി, ഗിരിജാബായി, ശ്രീലത, ജയശ്രീ എന്നിവർ സഹോദരങ്ങൾ.

# മിൽക്ക് പ്രോഡക്ട്സ് സെന്റർ ഉദ്ഘാടനം

**അരുൺ. കെ. സി**

തിരുവനന്തപുരം ക്ഷീര വികസന വകുപ്പ് ആലപ്പുഴയിലെ പട്ടണക്കാട് ആരംഭിക്കുന്ന മിൽക്ക് പ്രോഡക്ട്സ് മാനുഫാക്ച്ചറിംഗ് ഫെസിലിറ്റേഷൻ സെന്റർ ഉദ്ഘാടനം ഈ മാസം നടക്കും. ഇതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ നിർമാണം പൂർത്തിയായി. പാലുത്പന്നങ്ങളായ തൈര്, യോഗർട്ട്, ഐസ്ക്രീം, പനീർ, പേട, സംഭാരം തുടങ്ങിയവ ഉത്പാദിപ്പിച്ച് വിപണനം നടത്തുകയാണ് ലക്ഷ്യം.

വനിതാ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടെയാണ് ഇവിടുത്തെ പ്രവർത്തനങ്ങൾ നടക്കുക. അഞ്ചംഗങ്ങളുള്ള 35 സംഘങ്ങൾക്ക് ക്ഷീര വികസന വകുപ്പ് പരിശീലനം നല്കി. ഉല്പാദനവും വിപണനവും സംഘാംഗങ്ങൾ ചെയ്യും. എറണാകുളത്തെ സൂപ്പർ മാർക്കറ്റുകൾ, ഐ.ടി. പാർക്കുകൾ, വൻകിട ഭവന സമുച്ചയങ്ങൾ തുടങ്ങി സ്ഥലങ്ങളിലാണ് ഉല്പന്നങ്ങൾ വില്ക്കാൻ ഉദ്ദേശിക്കുന്നത്. മാർക്കറ്റിംഗിന്റെ കാര്യങ്ങൾ നോക്കാനായി പ്രൊഫഷണലായ ഒരാളെ നിയമിക്കും. മറ്റ് അഡ്മിനിസ്ട്രേറ്റീവ് ജോലികൾ സംഘാംഗങ്ങളായിരിക്കും ചെയ്യുക. പ്രാഥമികമായി ആവശ്യം വേണ്ട സാധനങ്ങളും പണവും വകുപ്പ് നല്കും.

ഒരു യൂണിറ്റിന് 65,000 രൂപ ഗ്രാന്റായി നല്കും. 14153500 രൂപയാണ് പദ്ധതി ചെലവ്.

# റിസർവേഷൻ



തിരുവനന്തപുരത്ത്/എറണാകുളത്ത് നിന്നു പുറപ്പെടുന്ന പ്രമുഖ എക്സ്പ്രസ് ട്രെയിനുകളിലെ റിസർവേഷൻ ഒഴിവുള്ള ഏറ്റവുമടുത്ത തീയതി (രാവിലെ 10 വരെയുള്ള നില)

| നമ്പർ | പേര് | സമയം | 2 എ.സി | 3 ടയർ | സ്ലീപ്പർ |
|---|---|---|---|---|---|
| 2624 | ചെന്നൈ മെയിൽ | 14.30 | 17-03 | 18-03 | 11-03 |
| 2696 | ചെന്നൈ എക്സ്പ്രസ് | 17.25 | 10-03 | 17-03 | 10-03 |
| 6525 | ബാംഗ്ലൂർ | 12.55 | 19-03 | 28-04 | 22-04 |
| 2625 | കേരള | 11.15 | 21-03 | 16-03 | 17-03 |
| 2431 | രാജധാനി | 19.15 | 11-03 | 11-03 | -- |
| 6317 | ഹിമസാഗർ | 16.05 | - | 19-03 | 19-03 |
| 6322 | ബാംഗ്ലൂർ | 16:35 | 17-03 | 21 -04 | 10-03 |
| 6334 | വെരാവൽ | 15 .15 | 22-03 | | 15 -03 |
| 6336 | ഗാന്ധിധാം | 15.15 | 23 -03 | 23-03 | 16-03 |
| 6124 | അനന്തപുരി | 16.20 | 16-03 | 15 -03 | 18-03 |
| 6232 | മൈലാടുത്തുറൈ | 15.45 | 10-03 | 14-03 | 10-03 |
| 6347 | മംഗലാപുരം | 20.45 | 10-03 | 10-03 | 15-03 |
| 6604 | മാവേലി | 19.25 | 15-03 | 13-03 | 13-03 |
| 6309 | പാറ്റ്ന | 16.40 | 16 -03 | 15-03 | 22-03 |
| 7229 | ശബരി | 07.15 | 03-05 | 18-03 | 10-03 |
| 6323 | ഷാലിമാർ | 16.35 | - | 06-05 | 22-04 |
| 6346 | നേത്രാവതി | 10.00 | | 23-03 | 23-03 |
| 6328 | കോർബ | 05.30 | 03-05 | | 15-03 |
| 6326 | അഹല്യാനഗരി | 05.30 | | | 20-03 |
| 6343 | അമൃത | 23.00 | 13-03 | -- | 11-03 |
| 2977 | മരുസാഗർ | 19.50 | | 14-03 | - |

- ക്ലാസ് നിലവിലില്ല/ട്രെയിനില്ല/സീറ്റും ബർത്തും ലഭ്യമല്ല
* റിസർവേഷൻ വിവരത്തിന് 132, 1361, 1362, 1363, 1331 എന്നീ നമ്പരുകളിൽ വിളിക്കുക.
* കമ്പ്യൂട്ടർ റിസർവേഷനായതിനാൽ ഈ നിലയിൽ എപ്പോഴും മാറ്റം വരാം.




